വള്ളം നമ്മുടെ കടവിന് താഴെയുള്ള ഇല്ലിത്തുറുവിൽ തങ്ങിയിരുന്നു കിട്ടി. പക്ഷേ ....എന്റെ ജിജിയേട്ടനെ മാത്രം കിട്ടിയില്ല. ഓർമ്മിക്കുമ്പോൾ ഭയം തോന്നുകയാണ്. തുലാമാസത്തിലെ ഒരു വെള്ളിയാഴ്ച. ശാന്തസുന്ദരമായ ആകാശത്തിൽ പെട്ടന്നാണ് മഴക്കാർകൊണ്ടതു്. മഴ പെയ്യുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. അധികം താമസിച്ചില്ല. ഭയങ്കര മഴയും കാററും തകർത്തടിച്ചു. അപ്പോഴാണ് കടവിൽനിന്നും ഉച്ചത്തിലുള്ള കൂട്ടക്കരച്ചിൽ കേട്ടതു്. നിറഞ്ഞൊഴുകുന്ന നദിയിലൂടെ കൊമ്പും ഞെരികളും തുള്ളിമറിഞ്ഞു പായുകയാണ്. നാലുമണിയായപ്പോൾ കളിക്കാനിറങ്ങിയ മാധവൻ മേസ്തിരിയുടെ ഭാര്യ ലക്ഷ്മിയും അവരുടെ രണ്ടു കുട്ടികളും മലവെള്ളത്തിൽപെട്ടപ്പോൾ എവിടെനിന്ന് എത്തിയെന്നറിഞ്ഞുകൂടാ, ജിജിയേട്ടൻ വള്ളവും തുഴഞ്ഞുകൊണ്ടുവന്നു. വെള്ളത്തിൽകിടന്നു മരണത്തോടു മല്ലടിച്ച, രണ്ടു കുട്ടികളെ ജിജിയേട്ടൻ രക്ഷിച്ചു. അപ്പോഴെയ്ക്കും ലക്ഷ്മിയെ മലവെള്ളം അഞ്ചാറുവാരയകലത്തിലെത്തിച്ചു. കൈകൾ വെള്ളത്തിലിട്ടു തല്ലിത്തല്ലി ജീവരക്ഷയ്ക്കുവേണ്ടി കിണഞ്ഞു പരിശ്രമിച്ച ലക്ഷ്മിയെ ദയയില്ലാത്ത വെള്ളം മന്ദം മന്ദം താഴെയ്ക്കു് ഒഴുക്കുകയാണ്. ലക്ഷ്മിയെ രക്ഷിക്കാൻവേണ്ടി ജിജിയേട്ടൻ വള്ളത്തിൽനിന്നുകൊണ്ട് കൈനീട്ടി. പക്ഷേ ....ലക്ഷ്മി, ജിജിയേട്ടനെയും വലിച്ചുകൊണ്ട് ആഴത്തിലേയ്ക്കു താണു. കൂട്ടക്കരച്ചിൽ കേട്ടു ഓടികൂടിയ സമീപവാസികൾ വന്നപ്പോൾ, ഒന്നു പൊങ്ങിയതായി പറയുന്നു. അതിൽപിന്നെ ഇന്നുവരെയും ഇവരാരെയും കണ്ടിട്ടില്ല. ഞാൻ ഒത്തിരി കരഞ്ഞു ജിജിയേട്ടാ, ഒത്തിരി കരഞ്ഞു. കഞ്ഞി കുടിക്കാതെയും കാപ്പികുടിക്കാതെയും ദിവസങ്ങൾ തള്ളിനീക്കി. ഇളയമ്മയെന്നെ ഒത്തിരി തല്ലുകയും ശകാരിക്കുകയും മററും ചെയ്തു. ഇച്ചായൻ വന്നപ്പോൾ ഇളയമ്മ ഒത്തിരി നുണയെല്ലാം പറഞ്ഞു കേൾപ്പിച്ചു. അതെല്ലാം വിശ്വസിച്ച ഇച്ചായൻ എന്നെ ഒത്തിരി തല്ലി. എല്ലാം ഞാൻ സഹിച്ചു ജിജിയേട്ടാ, എല്ലാം ഞാൻ സഹിച്ചു. എന്റെ പ്രിയപ്പെട്ടവൻ, അടുത്തുണ്ടായിരുന്നുവെങ്കിൽ,! ഇതെല്ലാം എണ്ണിയെണ്ണി പറഞ്ഞു ഞാൻ കരയുമ്പോൾ, എന്നെ മാറോട് അടുക്കിപ്പിടിച്ച് ചൂടുള്ള ചുംബനങ്ങൾ അർപ്പിക്കുമ്പോൾ, എല്ലാമെല്ലാം മറന്നു ഞാൻ നിർവൃതികൊണ്ടേനെ? അവർ എന്നെ തോന്ന്യാസക്കാരിയെന്ന് വിളിച്ചു. അതിൽ എനിക്ക് സങ്കടമില്ല. പക്ഷേ....എന്റെ ജിജിയേട്ടനെ അനാവശ്യം പറഞ്ഞാൽ ഞാൻ സഹിക്കുകയില്ല. എന്റെ ഇച്ചായനും ജിജിയേട്ടന്റെ ഇച്ചായനും തമ്മിലുള്ള പിണക്കം കൊണ്ടായിരിക്കാം. സാരമില്ല ജിജിയേട്ടാ സാരമില്ല. ഹ....എന്റെ ജിജിയേട്ടന്റെയാ വട്ടമുഖവും ഉണ്ട കണ്ണുകളും ഇടതിങ്ങി വളർന്നയാ ചുരുളൻമുടിയും മററും കാണാൻ എന്തു ശേലായിരുന്നു. ചിരിക്കുമ്പോൾ ആ പൂങ്കവിളിലെ നുണക്കുഴി! അതു കാണുവാൻവേണ്ടി ഞാൻ എപ്പോഴും ചിരിപ്പിക്കുമായിരുന്നു. പൊട്ടിച്ചിരിക്കുമ്പോൾ എന്തു ഭംഗിയായിരുന്നു. എന്റെ ജിജിയേട്ടാ, ജീവിതം വെറും പൂർത്തീകരിക്കാനാവാത്ത ആഗ്രഹങ്ങളുടെ ഒരു പരക്കംപാച്ചിൽമാത്രമാണോ? ആയിരിക്കാം. പക്ഷേ....എന്റെ ജിജിയേട്ടൻമാത്രം....ജിജിയേട്ടാ....''!! അവൾ വിതുമ്പിക്കരഞ്ഞു. അക്കരെപ്പള്ളിയിലെ മണിനാദം അവളുടെ കർണ്ണങ്ങളിൽ വന്നടിച്ചപ്പോളാണ് പരിസരബോധമുണ്ടായതു്. നിലത്തു അഴിഞ്ഞുലഞ്ഞ സാരിത്തലപ്പ വാരി തോളിലിട്ടുകൊണ്ട് അവൾ എണീററ്. ഈറനണിഞ്ഞയാമുഖം ചെമ്പരത്തിപ്പൂവുപോലെ ചുവന്നു. ഈർപ്പമുള്ള മൺത്തിട്ടയിൽ ചവുട്ടിക്കൊണ്ട് കലക്കവെള്ളം കോരി മുഖം കഴുകി. ചേച്ചി....!! ബിന്ദുമോളുടെ വിളികേട്ട് അവൾ ഞെട്ടിത്തിരിഞ്ഞു പെട്ടന്ന് നിവർന്നതും, ഈർപ്പമുള്ള മൺതിട്ടയിടിഞ്ഞതും ഒന്നിച്ചു കഴിഞ്ഞു. വെള്ളത്തിൽ കിടന്നു കാലും കൈകളും ഇട്ടു തല്ലുന്ന ചേച്ചിയെ നോക്കി ബിന്ദു ഉച്ചത്തിൽ നിലവിളിച്ചു. ആററുതീരത്തുകൂടി ഇരുകൈകളും നീട്ടിക്കൊണ്ട് ചേച്ചി.... ചേച്ചി....എന്നു നിലവിളിച്ചു ബിന്ദു ഓടി നടന്നു. അപ്പോളാരും വള്ളവും തുഴഞ്ഞു വന്നില്ല. കരച്ചിൽ കേട്ടും വന്നില്ല. ഇരുണ്ട് മൂടിക്കിടന്ന ആകാശത്തുനിന്ന് ഒററയും പെട്ടയുമായ മഴത്തുള്ളികൾ വീണുകൊണ്ടിരുന്നു. എന്നിട്ടും നദി ഒന്നും അറിയാത്തവളെപ്പോലെ പൊട്ടിച്ചിരിച്ചുകൊണ്ട് പിന്നെയും ഒഴുകിക്കൊണ്ടിരുന്നു.


## ന്യൂമാൻ കോളജ്

കാഞ്ഞാർ & തൊടുപുഴ

(ഗവ. അംഗീകാരമുള്ളതു്)

അച്ചടക്കത്തിലും അദ്ധ്യാപനത്തിലും വിജയശതമാനത്തിലും പ്രസിദ്ധിയാർജ്ജിച്ച സ്ഥാപനം.

Courses:— S. S. L. C., P. D. C., B.A., B.Com., & M.A

Principal
Thomas Narimattam M. A.

Vice Principal
Mrs. Narimattam M.Sc.

*Best Wishes from*

NATIONAL METAL INDUSTRIES

THODUPUZHA

ആർവിൻ റെഫ്രിജറേറ്റർ, മർഫി റേഡിയോ,
വാച്ച്, ക്ലോക്ക്, ഫാൻ,
ഇലക്ട്രിക് ഉപകരണങ്ങൾ
എന്നിവകൾക്ക്

പുളിക്കൽ ഏജൻസീസ്

തൊടുപുഴ

Phone: 202

# അക്കിത്തം കവിത

റ്റി. സി. മാത്യു I B. Sc. Maths.

"മഹത്തായ സാഹിത്യസൃഷ്ടികൾ, കാലത്തിന്റെ അപ്രതിഹതമായ കുത്തൊഴുക്കിൽപ്പെട്ട്, തനിക്കു ചുറ്റും നടക്കുന്നതിന്റെ ആഴമറിയാൻ വയ്യാത്ത മനുഷ്യാത്മാവിന്റെ കഥയാണ് പറയുന്നത്. സമൂഹം വളർച്ചയുടെയോ തളർച്ചയുടെയോ, ഒരു അസ്വാസ്ഥ്യത്തിലും അരാജകത്വത്തിലും പെട്ടിരിക്കുന്നു. സാധാരണജനങ്ങൾ നശിപ്പിക്കപ്പെടുന്നു; പക്ഷേ അവർക്കതറിയാൻ കഴിയുകയില്ല. അവർ ഭീകരസംഭവങ്ങളിലൂടെ കടന്നുപോകുന്നു, യാതൊന്നുമറിയാതെ, മരവിച്ചവരായി."[1] അക്കിത്തം കവിതയ്ക്കൊരു മുഖക്കുറിപ്പായി ജോയ്സ് കാറൽ ഓട്സിന്റെ ഈ അഭിപ്രായം ചേർക്കുക സമുചിതമാണ്. നമ്മുടെ കാലത്തിലെ മനുഷ്യമനസ്സാക്ഷിയുടെ ദുർഭഗതയെ അനാവരണം ചെയ്യുന്നതാണല്ലോ ആ കവിത.

നമ്മുടെ സമൂഹത്തിലെ ഇടത്തരക്കാരന്റെ മോഹഭംഗമാണ് അക്കിത്തം കവിതയിൽ ദർശനീയമാവുന്നത്. ഇവിടത്തെ സ്വാതന്ത്ര്യാനന്തരജനവിഭാഗമാണവർ. പ്രായപൂർത്തി വോട്ടവകാശത്തിന്റെയും രാഷ്ട്രീയസംഘടനാസ്വാതന്ത്ര്യത്തിന്റെയും തണലിൽ വളർന്ന ഈ തലമുറ ഒരു കാലത്ത് സാമൂഹ്യപരിവർത്തനത്തിനും പുതിയൊരു സമൂഹസൃഷ്ടിക്കുംവേണ്ടിയുള്ള ആഹ്വാനംകേട്ട് ഉത്തേജിതരായിരുന്നു. "അധികാരം കൊയ്യണമാദ്യമെന്നും, ആര്യൻ പിന്നീട മതിയെന്നും" അവനുൽഘോഷിച്ചു. പക്ഷേ കൊയ്യുവാനുദ്ദേശിക്കുന്ന തലകളുടെ വിലയറിഞ്ഞപ്പോളവനവയിൽനിന്നും പിന്തിരിഞ്ഞു. 'തല'യുടെ മഹത്വം മാത്രമായിരുന്നില്ല ആ പിന്തിരിയലിനു കാരണം. തന്നെ പ്രചോദിപ്പിച്ച വിപ്ളവപ്രസ്ഥാനങ്ങളിലെ വഞ്ചനകളും 'കട്ടിക്കരണം മറിച്ചില്'കളും അതിനവനെ പ്രേരിപ്പിച്ചു. പക്ഷേ, ഈ പിന്തിരിയൽ കഴിഞ്ഞപ്പോഴോ, ഒരു ശൂന്യതയായിരുന്നു മുന്നിൽ. കാരണം പുതിയ സമൂഹസൃഷ്ടിക്കുവേണ്ടി അവൻ പഴയ വിശ്വാസങ്ങളെ ഉപേക്ഷിച്ചിരുന്നു; പുതിയതൊന്നിനെ പുല്കിയതുമില്ല. ആത്മാവിന്റെ ഈ ശൂന്യതയിലാണ്– spiritual void – അക്കിത്തത്തിന്റെ മനുഷ്യൻ നില്ക്കുന്നത്.

## കവിതയിലെ പരിവർത്തനം

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ രൂപംകൊണ്ടു, ഒന്നാംലോകമഹായുദ്ധം പ്രവേഗം വർദ്ധിപ്പിച്ച ഒരു ശൂന്യതാബോധം എലിയട്ടിനെക്കൊണ്ട് 'ഊഷരഭൂമിയും' 'പൊള്ളമനുഷ്യരും', ജോയ്സിനെക്കൊണ്ട് 'യുളീസസ്സും' എഴുതിച്ചു. കേരളത്തിലാവട്ടെ എൻ. വി. 'കൊച്ചുതൊമ്മനും' അയ്യപ്പപണിക്കർ 'കുരുക്ഷേത്ര'വും അക്കിത്തം ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസവും രചിച്ചു. ഇവരുടെയും ഈ ഗണത്തിൽപെടുന്നവരുടെയും കവിതകൾ സ്പഷ്ടമായ ഒരു വ്യതിയാനത്തെ സൂചിപ്പിച്ചു. കവിതയിലെ കാല്പനികവിപ്ലവത്തിനുശേഷം മൂന്നു മാർഗ്ഗങ്ങൾ നിലനിന്നിരുന്നു. ചങ്ങമ്പുഴയുടെ പ്രേമകവിതകൾ, ജിയുംഷയും വളർത്തിയ ശുദ്ധറൊമാൻറിക് കവിതകൾ, തീവ്രവിപ്ലവകവിതകൾ. പക്ഷേ സാമൂഹ്യചേതനയിലെ സന്ത്രാസങ്ങളും വ്യതിയാനങ്ങളും ആധുനികചിന്തയുമൊക്കെകൊണ്ടു ഇടശ്ശേരി. വൈലോപ്പിള്ളികളുടെ ആ മാർഗ്ഗം മലയാളകവിതയിലെ ഒരു പരിവർത്തനമായിരുന്നു. ആ മാർഗ്ഗമാണ് എൻ. വി. അക്കിത്തം പ്രഭൃതികളും തിരഞ്ഞെടുത്തത്, അല്ല അവർ നടന്നു നീങ്ങിയത് (അറിയാതെ).

ഭാഷ, ഇതിവൃത്തം, കാവ്യസങ്കല്പം എന്നിവയിലെല്ലാം ഈ വ്യതിയാനം സ്പഷ്ടമാണ്. ഉള്ളൂരെങ്ങോ ഉപയോഗിച്ച ഒരു ആംഗലപദത്തിന്റെ പേരിൽ കോളിളക്കമുണ്ടായ മണ്ണിൽ പലപ്പോഴും ആംഗലപദങ്ങൾകൊണ്ടുമാത്രം വരികൾ നിറയ്ക്കുവാനിവർ തയ്യാറായി. നാടിന്റെ സ്വത്തായ നാടൻ ശീലുകളെയും പ്രയോഗങ്ങളെയും സ്വീകരിക്കുന്നതിനവർ അറച്ചുനിന്നില്ല. 'ഒരു ചെറ്റക്കുടിലോ', കൊയ്ത്തുപാടത്തെ സംഘട്ടനമോ കവിയെ ആവേശഭരിതനാക്കുന്ന കാലം പോയി. പ്രപഞ്ചത്തിന്റെ അനന്തതയിലെ ആവേശവും പനിനീർപ്പൂവിന്റെ മന്ദഹാസത്തിലെ മധുരിമയും എന്നേ നഷ്ടപ്പെട്ടു. ഇന്നവനു പ്രശ്നം അവന്റെ അസ്തിത്വമാണ്, അവന്റെ സ്ഥൂലമായ 'ലോക'മാണ്, മാനസികവും ഭൗതികവുമായ ജീവിതമാണ്. കവിത മാനുഷികാസ്തിത്വം സംബന്ധിച്ച അഗാധമായ പരിചിന്തനത്തിലേർപ്പെട്ടു. കവികൾ, സമൂഹത്തിന്റെ ജീർണ്ണതകളുടെയും അവശിഷ്ടങ്ങളുടെയും നടുവിലൂടെ ഡയോജനീസിനേപ്പോലെ നടക്കാൻ ശ്രമിച്ചു. അതിനിടയിൽ കാണുന്ന ബീഭത്സമായ രംഗങ്ങൾപോലും കവിതയിൽ സ്ഥാനം പിടിച്ചു.

"നിരത്തിൽ കാക്കകൊത്തുന്നു
ചത്തപെണ്ണിന്റെ കണ്ണുകൾ,
മുലചപ്പിവലിയ്ക്കുന്നു
നരവർഗ്ഗനവാതിഥി" (ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം)

എന്നു തുടങ്ങിയ ഭാഗങ്ങൾ കവിതയിൽപെട്ടതീ പുതിയ ദർശനം മൂലമാണ്. പുതിയൊരു കാവ്യസങ്കല്പവും സൗന്ദര്യദർശനവും അവിടെ കാണാം. കവിതയുടെ ശക്തിയിലും സംവേദനക്ഷമതയിലും ചില 'എടുത്തുചാട്ടങ്ങൾ' — leaps— നടത്തുകയാണത്. ഇതോടൊപ്പം സാമൂഹ്യശാസ്ത്രപരമായ ഒരു വ്യതിയാനത്തെയും ഇതു ലക്ഷീകരിക്കുന്നുണ്ട്. നന്മതിന്മവിവേചനംപോലും അസ്തപ്രായമായ ലോകത്തിൽ സൗന്ദര്യവൈരൂപ്യങ്ങൾക്കെന്തർത്ഥം? സംവേദനത്തിനുവേണ്ടിയല്ല, ഹൃദയത്തിൽനിന്നും അറിയാതെ വന്നുപോകുന്ന ചില പ്രയോഗങ്ങൾ ആത്മനിന്ദയുടെ പരമകാഷ്ഠയിലെത്താറുണ്ട്. ഒരുദാഹരണമിതാ; രാവിലെ സൗഹൃദം പറയുന്ന സുഹൃത്തിനുള്ള മറുപടിയാണ്.

ഇല്ല വിശേഷം, ചിത്തഭ്രമമാ–
ണീയിടെ നമ്മൾക്കല്ലൊല്ലം."

ചുരുക്കത്തിൽ "അക്കിത്തം" കാവ്യഭാഷയെ അവക്രമാക്കുകയും വിഷയസ്വീകരണത്തിൽ സർവ്വതന്ത്രസ്വതന്ത്രത കൈവരുത്തുകയും ചെയ്തു[2] (വിഷ്ണുനാരായണൻ നമ്പൂതിരി).

## കരതലാമലകം

മനുഷ്യൻ വളർന്നുവെന്നാണു പറയുന്നത്. ചന്ദ്രനിൽ പാദങ്ങളുറപ്പിക്കാനും രാസനാളിയിൽ ജീവനുൽപ്പാദിപ്പിക്കാനും

[1] Alfred Kazzin–"On Joyceecaral Oates" – Span '73

[2] വിഷ്ണുനാരായണൻ നമ്പൂതിരി – [illegible].

കഴിഞ്ഞിരിക്കാം. പക്ഷേ, കവി മനസ്സിലാക്കുന്നു,

....രാത്രികളില്ലാത്ത
ചെങ്കനലുചൊരിയും മിഹിരനിൽ
രിക്തവാതമാമിബഹിരാകാശ
വിപ്രവാസധർമ്മത്തിൽ, വെന്തെൻ ജഡം
എത്രമാത്രം വിലക്ഷണമായിട്ടു–
ണ്ടെന്നറിയുന്ന ഞാൻ മാത്രമോമനേ''.

ജീവിതവും പ്രപഞ്ചവുമെല്ലാം കൈവെള്ളയിലെ നെല്ലിക്കയാണ്. പക്ഷേ കിം ഫലം?

''ഇന്നു കണ്ണീരിൽ നിഷ്പന്ദവൃത്തിയാം
കണ്ണുകൊണ്ടറിയുന്ന ഞാൻ സുസ്പഷ്ടം
എൻെറ കയ്യിലിരിക്കുന്ന നെല്ലിക്ക–
യെന്നപോലീപ്രപഞ്ചം മുഴുവനും.
ഇച്ചെറുഫലം കത്തിച്ചതല്ലാനോ
ഇച്ചെറുഫലം വെട്ടിപ്പൊളിയ്ക്കാനോ
ഇല്ലെനിക്ക കരുത്തീഫലത്തിന്മേൽ
പല്ലുകൊണ്ടൊന്നു പോറുവാൻപോലുമേ''.

[കരതലാമലകം]

പ്രപഞ്ചത്തിൻെറ അനന്തവിശാലതകളിലൂളിയിട്ടു പറക്കുമ്പോഴും അവനെ വലിച്ചു താഴ്ത്തുന്ന ഈ വ്യർത്ഥതാബോധം ഏററം സഫലമായാവിഷ്കരിക്കാൻ അക്കിത്തത്തിനു കഴിഞ്ഞു.

## അകം പൊള്ളയായ തലമുറ

എലിയട്ട് ഈ ശതകത്തിൻെറ ഇരുപതുകളിലെ പാശ്ചാത്യരെ നോക്കി പറഞ്ഞു, ''തരിശുഭൂമിയിൽ അലയുന്ന അകം പൊള്ളയായ മനുഷ്യർ''. വീണ്ടും കുറേക്കൂടി വ്യക്തമാക്കി, ''രൂപമില്ലാത്ത ആകൃതിയോടും, നിറമില്ലാത്ത നിഴലുകളോടും, ചലനമില്ലാത്ത ഹാവഭാവാദികളോടും, ദുർബ്ബലരായിപ്പോയ ശക്തിവിശേഷത്തോടുംകൂടി ശുഷ്കപത്രങ്ങളെ ഇളക്കുന്ന മന്ദമാരുതനെപ്പോലെ, അർത്ഥമില്ലാത്ത ശബ്ദങ്ങളും പുറപ്പെടുവിച്ചലയുന്ന തലയ്ക്കകം പൊള്ളയായ മനുഷ്യർ''. ഇവിടെ അക്കിത്തവും അതു് അനുഭവിച്ചറിഞ്ഞു. ഈ ത്രിമാനയുഗത്തിലെ തലമുറയുടെ ഉള്ളിൽ വയ്ക്കോലും പഞ്ഞിയും മാത്രമാണ്. നീലരക്തംപോലും ക്ഷാരത്തിൻെറ കൂടുതൽകൊണ്ടാണ്. ക്രിസ്തുവും ഹിററ്ലറും ഒരേ സ്ഥാനം അലങ്കരിക്കുന്ന അവരിൽ.

''മകനേ, മനസ്സിലാക്കുന്നു ഞാനിക്കുട്ടക്കു
മതിപ്പാണെല്ലാമാന്യന്മാരെയുമൊരേതോതിൽ
മാർക്സിനുള്ളതു ചുമ്മാമാർക്സിനും കൊടുക്കുന്നു,
മഹാത്മാഗാന്ധിക്കുള്ളതദ്ദേഹത്തിനും, പോരേ''.
........സംഭാഷണവിഷയം മോട്ടോർകാറിൻ
മാക്കററുഫാഷൻ മോഡൽ നമ്പറും റേററുംമാത്രം!
ഇററലിയിൽപ്പണ്ടുള്ളോരടിമപ്പോരും സ്പെയ്നി–
ലിപ്പോഴും നടക്കുന്ന പേർകേട്ട കാളപ്പോരും
കാണുവാൻ കഴിയാത്ത ഖേദത്താലിവർചെന്നു
കാണുന്നു ഗ്രാമത്തിലെക്കാളപൂട്ടാഘോഷങ്ങളും''

[ബലിദർശനം]

ഇന്ദ്രിയങ്ങളാകുന്ന തുരഗങ്ങളെ നിയന്ത്രിച്ചു് വിവേകത്തോടെ യാത്രചെയ്യുന്ന രഥിയേ— ആത്മാവു്— മുക്തിപ്രാപിക്കു എന്നു് എഴുതിയ കഠോപനിഷത്തു് അവരുടെ കയ്യിൽ കാണും. എന്തൊരന്തരം? എങ്കിലും ഇവ''രാർഷസംസ്കാരപ്രിയരത്രേ''? [കള്ളക്കടത്തിനു മറയാണല്ലോ നമ്മുടെ ദൈവങ്ങൾ].

## ഇടിഞ്ഞുപൊളിഞ്ഞ ലോകം

വേറൊരു രംഗം. കള്ളക്കടത്തും കള്ളപ്പണവുംവഴി സമ്പാദിച്ച ഇംപാലായിൽ ഒരു വിഭാഗം കറങ്ങുന്നു. മറെറാരു വിഭാഗം ആ കാററിൽ പറന്നു വീഴുന്നു. രാത്രിയിൽ മുനിസിപ്പാലിററിയുടെ വെളിച്ചത്തിൻകീഴിലവർ ഉറങ്ങുന്നു, തൊഴിലാളികളും യാചകരും വേശ്യകളും (!).

ഈ രണ്ടു ലോകങ്ങളും ബന്ധപ്പെടുന്നതു് ലാത്തിയും ടിയർഗ്യാസുംവഴി മാത്രം. ഇതാണത്രേ ''ഭൗമികപറുദീസാ'' (!).

ഇവിടെ അക്കിത്തത്തിലെ മനുഷ്യൻ വീർപ്പുമുട്ടുകയാണ്. സ്വന്തം സമ്പാദ്യം മുഴുവൻ – അഹങ്കാരം? – വിഷ്ണുപാദത്തിലർപ്പിച്ച മഹാബലിയുടെ സന്താനങ്ങളുടെ വിപര്യയം. ഇതിഹാസത്തിലും 'ബലിദർശന'ത്തിലും ഇതു കാണാം. നമ്മുടെ പൈതൃകത്തിൻെറ – heritage – ഏററവും ശക്തവും സമ്പന്നവുമായ മിത്തിനെയാണദ്ദേഹം ബലിദർശനത്തിലാവിഷ്ക്കരിക്കുന്നതു്.

## ജീവിതദർശനം

''ഭൗതികമായും ആത്മീയമായും ഉള്ള ജീവിതപ്രതിഭാസങ്ങളെ ഞാനംഗീകരിക്കുന്നു. ഇവിടെ അണ്ടിയോ മാവോ മൂത്തതെന്ന പ്രശ്നം എന്നെ അലട്ടുന്നില്ല. സത്യത്തിൽ ആയിരം മുഖങ്ങളുണ്ട്. ഈ പ്രപഞ്ചത്തിലുള്ള എല്ലാ വസ്തുക്കളും എല്ലാ ചലനങ്ങളും അന്യോന്യ സഹകാരികളായിത്തന്നെ വർത്തിക്കുന്നു. അപ്പോളാണവ ശക്തവും സുന്ദരവുമായി തോന്നുന്നതു്. കാണാവുന്നവയുടെ ലക്ഷാംശംപോലും നാം കണ്ടുകഴിഞ്ഞിട്ടില്ല. ഭൗതികവും മാനസികവുമായ എല്ലാത്തരം ചൂഷണങ്ങളെയും ഞാനതിനാൽ വെറുക്കുന്നു. എല്ലാവരും വേലചെയ്യുന്നതും കയ്യിലും നാവിലും ചങ്ങലവീഴാത്തതും തലയും വയറും നിറയുന്നതുമായ ഒരു ലോകത്തെ ഞാനും സ്വപ്നം കാണുന്നു. എങ്കിൽക്കൂടി മനുഷ്യമനസ്സു സംതൃപ്തിയടയുന്ന കാലം ഉണ്ടാവില്ല എന്നാണെൻെറ ചെറുബുദ്ധിയ്ക്കു തോന്നുന്നതു്. ചക്രവാളം എത്ര സുന്ദരമാണ്! എങ്കിലും അതെപ്പോഴും അകലെയേ നില്ക്കു. ക്ഷമാശീലനുമാത്രമേ സുഖമുള്ളൂ. അഥവാ സുഖമെന്നതു് ദുഃഖത്തെ മറക്കുവാൻ മാത്രമാണ്. ദുഃഖത്തിനൊരൊററ പ്രത്യൗഷധമേയുള്ളു, സ്നേഹം. അവിടെയാണ് മനുഷ്യൻ'' [അക്കിത്തം – എൻെറ കവിത–'സഞ്ചാരികളു'ടെ ആമുഖം]

''നമ്മുടേതുമാത്രമായ ഒരു പാരമ്പര്യം നമുക്കുണ്ട്. അതിൽനിന്നു പ്രചോദനമുംകൊണ്ടു് വർത്തമാനകാലപ്രശ്നങ്ങളെ നേരിടണം. അതു ചെയ്താൽ ഒരു പുതിയ കവിത ഉടലെടുക്കും; നവമായ കാവ്യചിത്രങ്ങളും പുരാവൃത്തങ്ങളുംകൊണ്ടു സമ്പന്നമായ ഒരു നവീന കവിത. കവികൾ അവരവരുടെ അനുഭൂതിയുടെ ആഹ്വാനത്തോടു സത്യസന്ധത പുലർത്തിയേ മതിയാവൂ... ഒരാളുടെ ജീവിതത്തിലുള്ള സ്നേഹപീഡ – അതുതന്നെയാണ് കവിതയുടെ പൂർവ്വരൂപം; എക്കാലത്തെയും കവിതയുടെ'' [അക്കിത്തം–ഗ്രന്ഥലോകം, മാർച്ച് 74] (കാവ്യസിദ്ധാന്തത്തിൽ എലിയട്ടിനോടുള്ള സാധർമ്മ്യം തികച്ചും ശ്രദ്ധേയമാണ്; രണ്ടുപേരുടെയും മൗലികത്വവും ശ്രദ്ധിക്കുക.)

ഈ വിശ്വാസപൂർണ്ണവും ആശാഭരിതവുമായ ദർശനത്തിൽനിന്നുമാത്രമേ

''ഒരു കണ്ണീർക്കണം മററു–
ള്ളവർക്കായ് ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവി–
ലായിരം സൗരമണ്ഡലം.
ഒരു പുഞ്ചിരി ഞാൻ മററു–
ള്ളവർക്കായ്ച്ചെലവാക്കവേ
ഹൃദയത്തിലുലാവുന്നു
നിത്യനിർമ്മലപൗർണ്ണമി.
അറിഞ്ഞീലിത്രനാളും ഞാ–
നിട്ടീവ്യപുളകോദ്ഗമം
ആ മഹാനഷ്ടമോർത്തോർത്തു
കരുങ്ങിക്കരയുന്നു ഞാൻ''

എന്നു തുടങ്ങിയ വരികളുൽഭവിക്കൂ.

**ധർമ്മസങ്കടം**

മാനസികവും ഭൗതികവുമായ ബന്ധനങ്ങളിൽപ്പെട്ട, ധർമ്മസങ്കടത്തിൽപ്പെട്ട പാത്രങ്ങളാണക്കിത്തം കവിതയിലുള്ളത്. ''ഇതിഹാസ''ത്തിലെ ''ജനിച്ചീലെന്നെ വെല്ലുന്ന മഹാപാപികളൊരിക്കലും'' എന്നു തേങ്ങിക്കരയുന്ന മനുഷ്യനും,

''പണ്ടത്തെ മേശ്ശാന്തി''യിലെ,

''എന്റെയല്ലെന്റെയല്ലീ കൊമ്പനാനകൾ
എന്റെയല്ലീ മഹാക്ഷേത്രവും മക്കളേ
നിങ്ങൾതൻ കുഞ്ഞിതവും കാണ്മതിൽ ഖേദമു-
ണ്ടെങ്കിലും നിന്ദിപ്പതില്ലെൻ വിധിയെ ഞാൻ''

എന്നു കടിച്ചമർത്തുന്ന മേശ്ശാന്തിയും,

കരതലാമലകത്തിലെ,

''ഈ യുഗത്തിന്റെ പൊട്ടിക്കരച്ചിലെൻ
വായിൽനിന്നുകേട്ടുവെന്നോ സഖി?
ഈ യുഗത്തിന്റെ വൈരൂപ്യദാരുണ-
ച്ഛായയെൻ കണ്ണിൽ കണ്ടുവെന്നോ സഖി?''

എന്നു പുലമ്പുന്ന ഭർത്താവും,

'ബലി ദർശനത്തിലെ, എൻദുഃഖമീ നാരായ വേരററ ലോകത്തിൻ സത്യം' എന്നു മനസ്സിലാക്കിയ,

''ഇന്നയൽ തെണ്ടും ജിപ്സികളല്ലോ ഞങ്ങൾ
വേരുപൊട്ടിയ കാലിൻമുറിവായിൽ നിന്നിററും
നീററൽ വീഴുന്നു ഞങ്ങൾ നടക്കുന്നിടത്തൊക്കെ''

എന്നു കേഴുന്ന മാനവനും, ''നിമിഷക്ഷേത്ര''ത്തിലെ മുതുകിലെ കൂന കാണാനാവാത്ത മനുഷ്യനുമെല്ലാം ഈ നിസ്സഹായതയും നൈരാശ്യവും വേദനയും കടിച്ചിറക്കുകയാണ്.

**സ്നേഹത്തിന്റെ ശീതളച്ഛായ**

അനന്തതയോളം വളരുന്ന ഒരു ജീവിതദർശനം കൈമുതലാക്കിയ അക്കിത്തം ഈ യുഗത്തിന്റെ എല്ലാ വൈകല്യങ്ങളിലും പ്രത്യാശാഭരിതനാണ്. ആഘാതമേല്പിച്ചിട്ട ആശ്വാസം പകരുന്ന ആ കവിത. പണ്ടത്തെ മേശ്ശാന്തി'' പാടുന്നു.

''ഗർഭഗ്രഹത്തിലുണ്ടാശ്രിതവാത്സല്യ-
നിർഭരതനാരാളെന്റയായെന്റയായ്.
പൊള്ളോപൊരുളോ പറഞ്ഞുഞാനെന്ന
ദള്ളെനിക്കിപ്പോഴുമില്ലൊരു ലേശവും.
കാണായതപ്പടി കണ്ണുനീരെങ്കിലും
ഞാനുയിക്കൊള്ളുന്നു വിശ്വാസശക്തിയാൽ''.

ഈ ഹ്രസ്വമായ പുറക്കാഴ്ച ഇവിടെ അവസാനിപ്പിക്കുകയാണ്. അക്കിത്തം കവിതയിലെ ചില ശ്രദ്ധേയമുഖങ്ങളെ ആസ്വാദനതൃഷ്ണയോടെ ഒന്നോടിച്ചു നോക്കിയെന്നുമാത്രം. ആ കവിതയിലെ ഏററവും ശ്രദ്ധേയമായ ഒരു ഭാഗം ഉദ്ധരിക്കുകയാണ്. പരിണാമാത്മകമായ ഒരു ജീവിതദർശനം സ്വീകരിച്ച കവിയുടെ ഏററവും ഹൃദ്യമായ വരിയെന്ന വിശേഷണമേ അതിനു നൽകാനുള്ളൂ.

''ഞങ്ങളാരെന്നോ? ഞങ്ങൾ ചരിത്രഗ്രാമങ്ങളിൽ
മംഗളം വിളയുന്ന കസ്തൂരിനിലങ്ങളിൽ
ആയിരത്താണ്ടിൽ കർമ്മത്തീകകടാക്ഷങ്ങളിൽ
പായസപ്പാത്രത്തോടെ പൊന്തിവന്നവരല്ലോ!
ഭോഗലാലസക്കടൽ മോന്തിയകാലം മേഹ-
രോഗത്തിൻ കാളച്ചാലിൽ പിടഞ്ഞുഞരങ്ങുമ്പോൾ
ഭാവിക്കുമലകൊട്ടത്തീട്ടന്നശകന്തത്തിൻ
ജീവകാരുണികളേ വരുവിൻ; ത്യാഗത്തിന്റെ
കങ്കണകപാണംനീട്ടി വാങ്ങുവിൻ മൃതസഞ്ജീ-
വനി നിങ്ങൾക്കായ്കൊണ്ടുവന്നൊരീ സദ്സ്നേഹം''.





കവിത

# സ്വർഗ്ഗയാത്ര

Satheeshkumar V. K. II B. A. History

ഇന്നലെരാത്രിമയങ്ങുമ്പോൾ
ഇക്കിളിയൂട്ടുമൊരു സ്വപ്നംകണ്ടു.
ചിലങ്കകെട്ടിയ, മുത്തുപതിച്ച,
ചന്ദനപ്പല്ലക്കിൽ വന്നൊരു ദേവൻ.

പൊൻകിരീടം ശിരസ്സിൽ ചൂടും,
പാരിജാതമലർ മാറിലണിയും,
ദേവനവൻ മന്ദസ്മിതം തൂവിയെന്നെ
കൈപിടിച്ചിന്നലെ പല്ലക്കിലേററി.

പാട്ടുപാടും മൈനകളുടെ നാട്ടിലൂടെ,
കാട്ടുപൂക്കൾ വിടരും കാനനത്തിൻ മുകളിലൂടെ,
വെള്ളിമേഘങ്ങൾതെന്നിപറന്നൊഴുകും
നീലവിഹായസ്സിലൂടെ പറന്നുയർന്നു.

പവിഴംപതിച്ച, വൈഡൂര്യം കെട്ടിയ,
താഴികക്കുടങ്ങൾ മിന്നിത്തിളങ്ങും
സ്വർണ്ണഗോപുരങ്ങൾതൻനടുവിലെ
പൊൻതിരുമുററത്തു ചെന്നിറങ്ങി.

മാലാഖമാരോടിവന്നെന്നെ–നറു
മലർമാല്യങ്ങൾകൊണ്ടുമൂടി.
അപ്സരനർത്തകികളോടിവന്നു;
ചുററിലുംനിന്നവരാടിപ്പാടി.

എൻശിരസ്സിൽവന്നിതോപൊൻകിരീടം,
എൻവസ്ത്രങ്ങൾ പീതാംബരമായ്;
ദേവനായ് ഞാൻ മാറി–മെയ്യിലാകെ.
പൊന്നാഭരണങ്ങൾ തിളങ്ങി

ദേവഗണങ്ങളിരിക്കുംസദസ്സിൽ
ദേവനെന്നെ ആനയിച്ചിരുത്തി.
ചുററിലുംനോക്കി ഞാനൊരുമുഖവും
കണ്ടിട്ടില്ല മുമ്പൊരിക്കലും.

ദേവസ്ത്രീകടെ നൃത്തം കണ്ടു,
ദേഹമാകെകലുങ്ങിയാടി–അവർ
വസന്തംവിടരുംപോൽ പുഞ്ചിരിച്ചു;
ആനന്ദിച്ചുല്ലസിച്ചുഞാനും.

മാദകമാംലഹരിയിൽ മയങ്ങുമ്പോൾ
കേട്ടുവല്ലോരുശബ്ദമിടിനാദംപോൽ;
വരവായി താരകാസുരൻ ഗംഭീരൻ,
വിരണ്ടിതല്ലോ ദേവഗണങ്ങൾ.

അലറിപാഞ്ഞടുത്തസുരനും
ഓടിത്തുടങ്ങിസുരരാജന്മാർ
മിന്നിടുന്ന പൊൻവിളക്കുകളണഞ്ഞു,
തപ്പിത്തടഞ്ഞോടിഞാനും.

പൂമരങ്ങളിടയിലൂടെ, വള്ളിക്കെട്ടിലൂടെ,
കല്ലുകളുന്തട്ടി, മുള്ളുകൾകൊണ്ടു;
കാടായകാടുകളെല്ലാംകയറി,
തളർന്നുമേനി, കുഴഞ്ഞു കൈകാൽ.

അയ്യോ! പാവം! കാലൊന്നുവഴുതി
പിരണ്ടുവീണിതല്ലോകുഴിയിലും;
ഞെട്ടിയുണർന്നുനിലവിളിച്ചു,
ഞാൻ ചുററിലുംനോക്കി–ഹാ കഷ്ടം!
വീണിതല്ലോ കിടക്കുന്നു ധരണിയിൽ




COLOUR, BLACK and WHITE
ഗ്രൂപ്പ്ഫോട്ടോസ്, ഫ്ളാഷ്ഫോട്ടോസ്, ഫോട്ടോ സ്റ്റാറ്റ്,
കൂടാതെ ടവ്വൽഫോട്ടോസിനും സമീപിക്കുക.
Jaya Photos
MOOLAMATTAM
COLOUR FLASH Rs. 35 only
Phone: 40






ലേഖനം

# പാറകളുടെ സംഗീതം

ഒ. വി. വിജയന്റെ 'പാറകം' എന്ന കഥയുമായി ഒരു ആത്മഭാഷണം.

തോമസ് മാത്യു II D. C. English

'മൃഗാംഗമോഹനൻ പലതുമോർത്തു: അന്നു മനം ഇളംചൂടുകൊണ്ടു തൊട്ടു പാറകളിൽ ചവിട്ടി നടക്കുമ്പോൾ: താഴ്വരക്കപ്പുറത്തെ ദേവീക്ഷേത്രം കാണാമായിരുന്നു. അച്ഛന്റെ ചെറുവിരൽ ഒന്നുകൂടി അമർത്തിപ്പിടിച്ചുകൊണ്ടു് മൃഗാംഗമോഹനൻ ചോദിച്ചു: അച്ഛാ ഞാൻ ഒന്നാക്ഷേത്രംവരെ പോകട്ടെ!''

'പാറകം' ആരംഭിക്കുന്നു.

കാലികഭൗതിക യാഥാർത്ഥ്യങ്ങൾക്കു സാഹിത്യത്തിലുള്ള സ്ഥാനത്തെപ്പററി ധാരാളം ചർച്ച ചെയ്യപ്പെട്ടിരിക്കുന്നു. സാഹിത്യകാരൻ സമൂഹത്തിൽനിന്നു പിൻവാങ്ങാതെ അതിന്റെ ശ്രേയസ്സിനായി പ്രവർത്തിക്കണമെന്നും അതല്ല, സൃഷ്ടിയുടെ നേരത്തു് സമൂഹവുമായി വിവാഹമോചനം നടത്തുകയാണു് എഴുത്തുകാരൻ ചെയ്യുന്നതെന്നും വിഭിന്നവാദഗതികൾ ഉയർന്നുവന്നിട്ടുണ്ടു്. എഴുത്തുകാരന്റെ മനുഷ്യന്റെ മൗലികപ്രശ്നങ്ങളായ അസ്തിത്വത്തിന്റെ ദുരൂഹതയും ജീവിതത്തിന്റെ നിരർത്ഥകതയും കൈകാര്യം ചെയ്യണമെന്നു് വാദിക്കുന്നവരോടൊപ്പം കാലിക ഭൗതികയാഥാർത്ഥ്യങ്ങൾക്കു് അവയർഹിക്കുന്ന പ്രാധാന്യം നൽകണമെന്നു് അഭിപ്രായപ്പെടുന്നവരും ആധുനിക സാഹിത്യകാരന്മാർക്കിടയിലുണ്ടു്. സാമൂഹ്യബോധത്തിനു പകരം അബ്സേഡിസം സ്വീകരിക്കുന്നതുകൊണ്ടുമാത്രം ഒരു രചനയും ഉത്തമമായിക്കൊള്ളണമെന്നില്ല. സൗന്ദര്യാത്മകമായൊരു സമീപനത്തിലൂടെയുമാവണം അതിന്റെ നിലവാരം കണ്ടെത്തേണ്ടതു്. മനുഷ്യാവസ്ഥയുടെ ക്രൂരമായ ദാർശനികസത്യങ്ങൾ വെളിപ്പെടുത്തുന്നതോടൊപ്പം നിത്യനൂതനമായ സൗന്ദര്യബോധത്താൽ കാലാതിവർത്തിയുമായ ഒന്നാണു് ഒ.വി. വിജയന്റെ 'പാറകം'.

യുദ്ധത്തിനെതിരായ ഒരു കലാസൃഷ്ടിയായിട്ടായിരിക്കാം 'പാറകം' സാമൂഹ്യബോധമുള്ള ഒരാസ്വാദകന്റെ കണ്ണിൽപ്പെടുക. എന്നാൽ യുദ്ധത്തിനെതിരായ പ്രചരണകഥയെന്നതിൽ കവിഞ്ഞു് മനുഷ്യത്വം വിധിക്കുനേരെ ഉയർത്തുന്ന ഒരു ചോദ്യചിഹ്നമായും മനുഷ്യവേദനയുടെ ഐതിഹാസിക കഥനമായും 'പാറകം' രൂപപ്പെട്ടിരിക്കുന്നു.

യുദ്ധത്തിന്റെ അവസാനം എല്ലാം നശിച്ചുകഴിഞ്ഞു്, 'പൊൻപൊടിപോലെ മരണത്തിന്റെ പരാഗം' നിറഞ്ഞുകിടക്കുന്ന ലോകത്തിൽ അവസാനത്തെ മനുഷ്യരായ മൃഗാംഗമോഹനൻ എന്ന ഭാരതീയനും താൻവാൻ എന്ന ചീനക്കാരിയും സന്ധിക്കുന്നു. അവർക്കു ചുററും ചക്രവാളങ്ങൾ മുതൽ ചക്രവാളങ്ങൾവരെ ചെടികളുടെ, പ്രാണികളുടെ, കെട്ടിടങ്ങളുടെ, യന്ത്രങ്ങളുടെ സങ്കീർണ്ണരൂപങ്ങളെല്ലാം ലാവയായി നീറിക്കിടന്നു. സല്ലാപങ്ങൾക്കുശേഷം ഇവർ പരസ്പരം രാജ്യങ്ങളുടെ പേരിൽ യുദ്ധം ചെയ്തു. അവസാനം,

മേന്മയേറിയ കല്യാണസാരികളും മററ്
അഴകുള്ള വസ്ത്രങ്ങളും
കുറഞ്ഞവിലയ്ക്കു തിരഞ്ഞെടുക്കുവാൻ

ചെട്ടിപ്പറമ്പിൽ
ടെക്സ്റ്റൈൽസ്
തൊടുപുഴ

PHONE: 62

ജീവിതം തുടരുന്നതിന്റെ വ്യർത്ഥത മനസ്സിലാക്കി അവരും മരണത്തിന്റെ പരാഗത്തിലലിഞ്ഞുചേരുന്നു.

യുദ്ധം വരുത്തുന്ന കെടുതികളെപ്പററിയും രാജ്യസ്നേഹത്തെപ്പററിയുമെല്ലാം ധാരാളം സാരോപദേശകഥകൾ നാം കേട്ടിരിക്കുന്നു. യുദ്ധത്തിന്റെ ഭീകരതയെ മനസ്സിലാക്കുന്നു എന്നതുമാത്രമല്ല 'പാറകളു'ടെ പ്രത്യേകത, ഈ കഥയിലെ ഓരോ വാക്കുംവഴി വിജയൻ അനുഭൂതികളുടെ നവലോകങ്ങൾ വെട്ടിപ്പിടിക്കുന്നു. അതുകൊണ്ടാണ്, യുദ്ധത്തിന്റെ ദുരന്തം വിളിച്ചോതുന്ന കാക്കനാടന്റെ 'പ്രൗഷ്യ ബർട്ടി' നേക്കാൾ 'പാറകൾ' നമ്മുടെ മജ്ജയിൽ കിടിലങ്ങളുതിർക്കുന്നത്.

## വാക്കുകൾ എന്ന കവാടങ്ങൾ

അച്ഛനോടൊത്ത് പാറക്കെട്ടുകളിൽ സായാഹ്നയാത്രക്കിറങ്ങിയപ്പോൾ താഴ്വരക്കപ്പുറത്തെ ദേവീക്ഷേത്രം മൃഗാംഗമോഹനൻ കണ്ടു. അവിടുത്തെ ദേവീപ്രതിഷ്ഠ കാണാൻ അച്ഛനനുവദിച്ചില്ല.

വെറും കല്ലിലുള്ള പ്രതിഷ്ഠ എന്തിനു കാണണം എന്ന അച്ഛന്റെ ചോദ്യത്തിനു മുമ്പിൽ മൃഗാംഗമോഹനൻ ചൂളി. തന്റെ ആഗ്രഹത്തിന്റെ കാരണം അച്ഛനോടു പറഞ്ഞറിയിക്കുക സാധ്യമല്ല.

എന്താണ് ദേവീക്ഷേത്രവും അവിടത്തെ പ്രതിഷ്ഠയും? ദേവീക്ഷേത്രം കാണുമ്പോൾ മൃഗാംഗമോഹനൻ മരിച്ചുപോയ അമ്മയെക്കുറിച്ചോർത്തു. ദേവീക്ഷേത്രമെന്ന പ്രതീക കല്പനവഴി നിഗൂഢമായൊരനുഭൂതിമണ്ഡലത്തിലേക്കു കൈചൂണ്ടുകയാണ് വിജയൻ ചെയ്യുന്നത്. അതെന്താണ് എന്നു പറഞ്ഞറിയിക്കുക സാധ്യമല്ല. യുക്തിചിന്തയ്ക്കിവിടെ സ്ഥാനമില്ല. മൃഗാംഗമോഹനന്റെ അച്ഛന്റേതുപോലെ യുക്തിചിന്തയുമായി സമീപിച്ചാൽ അവ വെറും കരിങ്കല്ലുകൾമാത്രം. മനസ്സിന്റെ ആഴങ്ങളിലെങ്ങോ മയങ്ങുന്ന ആദിരൂപങ്ങളിലേക്ക് ശരംതൊടുക്കുകയാണ് കഥാകൃത്ത്. അത്യന്തം സ്വകാര്യമായ അനുഭൂതിമണ്ഡലത്തെ ദേവീക്ഷേത്രമെന്ന പ്രതീകംവഴി ചൂണ്ടിക്കാണിക്കാനല്ലാതെ, അതിനെത്തന്നെ പിടിച്ചെടുക്കാൻ ഇന്നോളം ഉപയോഗിക്കപ്പെട്ട വാക്കുകൾക്കു കഴിവില്ല.

ഇതുതന്നെയാണ് 'പാറകളുടെ ഇളംചൂടു' മുഖേനയും വിജയൻ സാധിച്ചിരിക്കുന്നത്. നമ്മുടെ അബോധമണ്ഡലങ്ങളിൽ സൂര്യനെ ഉദിപ്പിക്കുകയല്ലാതെ വസ്തുനിഷ്ഠമായി ഒന്നും വ്യവച്ഛേദിച്ചു പറയാൻ ഇവിടെ സാധ്യമല്ല. 'ആ ഒരു നിമിഷത്തിൽ പാറയുടെമേൽ കൈപ്പടം പതിഞ്ഞു. കുട്ടിക്കാലത്തെന്നപോലെ പാറകളിൽനിന്നു തുടിപ്പുകൾ മൃഗാംഗമോഹനന്റെ കൈപ്പടത്തിലേക്കു കേറി. അവയുടെ പൊരുളെന്തെന്നു മനസ്സിലാക്കാൻ അയാൾ ശ്രമിച്ചു.'

തങ്ങളുടെ ഇളംചൂടുവഴി, തുടിപ്പുവഴി പാറകൾ മൃഗാംഗമോഹനിൽ ഉണർത്തിയത് കൈവിട്ടുപോയ ബാല്യത്തിന്റെ നഷ്ടസ്മൃതികളും സൗഭാഗ്യങ്ങളുമാവാം. മനുഷ്യജീവിതത്തിന്റെ ശൈശവദശയിലുള്ള ലാളിത്യമാവാം. എന്തൊക്കെയോ ജന്മാന്തര സ്മരണകളാവാം. വിദൂരമായ ഏതോ നക്ഷത്രസ്പന്ദമാവാം. തികച്ചും മൂർത്തമായ ഒന്നല്ലിത്. അഗാധങ്ങളിലെ ആ തുടിപ്പുകൾ അനുഭവവേദ്യങ്ങൾ മാത്രമാണ്. പാറകളുടെ ഇളംചൂട് എത്രയോ തലങ്ങളിലാണ് മനുഷ്യഹൃദയത്തോട് സംവദിക്കുന്നത്.

'അവൾ കൈ ചൂണ്ടി. ആ ചൂണ്ടുവിരൽ ചക്രവാളങ്ങളെ പിറകോട്ടു ചുരുട്ടി. ചക്രവാളങ്ങൾ കത്തിയെരിഞ്ഞു. പൂമ്പാററയുടെ പരാഗംപോലെ ഭൂതലമത്രയും പൊൻപൊടി നിറഞ്ഞുനിന്നു. നഗരങ്ങ

ളും സംസ്കാരങ്ങളും സാമ്രാജ്യങ്ങളും അഹന്തകളുമാണ് ആ പൊടി. വിവിധങ്ങളായ പലതും ആ പൊടിയിൽ ഒന്നായി.

തങ്ങൾക്കു ചുററും പരന്നു കിടക്കുന്ന നാശത്തിന്റെ പ്രളയങ്ങളെ താൻവാൻ ചൂണ്ടികാണിക്കുകയാണ്. ഇനിയൊരു യുദ്ധം ഈ ഗ്രഹത്തിലുണ്ടാവുകയാണെങ്കിൽ ഇതായിരിക്കാം, ഏററവും കുറഞ്ഞ പക്ഷം, സംഭവിക്കുക. അന്നും പാറകളുടെ ഖേദംമാത്രം ബാക്കി നിൽക്കും.

### പരിഹാസത്തിന്റെ ചൂണ്ടുവിരൽ

വ്യർത്ഥമായ ജീവിതത്തിന്റെ ചുരുങ്ങിയ നിമിഷങ്ങളിൽ, ഭൂമിക്ക് അതിരിട്ട് പരസ്പരം വഴക്കടിക്കുന്ന മനുഷ്യൻ എത്ര നിസ്സാരനാണ്. രാജ്യങ്ങളായി തിരിഞ്ഞ് സ്വയമൊരു സങ്കുചിത വലയത്തിലൊതുങ്ങി നൈസർഗ്ഗിക വ്യത്യാസങ്ങളെ വലുതായി കണ്ടു ജീവിക്കുന്ന മനുഷ്യൻ തന്റെ മൗലികമായ അവസ്ഥ മറക്കുകയാണ്. ഇവിടെ, തത്ത്വവിചാരം നടത്തുകയും ഒരു ലോകഗവണ്മെൻറിന്റെ ആവശ്യകതയെപ്പററി അടിവരയിട്ടെഴുതുകയുമല്ല വിജയൻ ചെയ്യുന്നത്.

“നീ എന്റെ ശത്രുവാണ്. ശത്രുവിന്റേതായ ഒന്നിനും അർത്ഥവും സൗന്ദര്യവുമില്ല.”

“ആരു പറഞ്ഞു?”

“എന്റെ രാഷ്ട്രത്തിന്റെ നേതാക്കന്മാർ പറഞ്ഞു. നിന്റെ നേതാക്കന്മാരും അങ്ങനെ നിനക്കു പറഞ്ഞുതന്നിരിക്കണം.”

ദേശീയബോധത്തിന്റെയും മററും പേരിൽ മനുഷ്യൻ ചെയ്തുകൂട്ടുന്ന വിക്രിയകൾ തന്റെ നിലനില്പിന്റെ തലങ്ങൾ മനസ്സിലാക്കാതെ ചെയ്യുന്ന പ്രവൃത്തികളാണ്. ഒന്നോ രണ്ടോ നേതാക്കന്മാരുടെ വിവരക്കേടിന് മനുഷ്യകുലം ഒന്നാകെ ഉത്തരം പറയേണ്ടിവരുന്നു. സ്വയം കണ്ടെത്താൻ കഴിയാത്തതുമൂലം, യുദ്ധാവസരങ്ങളിൽ, ശത്രുരാജ്യക്കാരനെ തീരെ നിന്ദ്യനായി മാത്രം ചിത്രീകരിക്കുകയും മനുഷ്യത്വത്തിന്റെ എല്ലാ വാതിലുകളും അവനെതിരെ കൊട്ടിയടക്കാൻ നേതാക്കന്മാർ ആഹ്വാനം നടത്തുകയും ചെയ്യുന്നു.

മനുഷ്യരായി തങ്ങൾമാത്രം ഭൂമുഖത്ത് അവശേഷിച്ചിട്ടും താൻവാനും മൃഗാംഗമോഹനനും ശത്രുക്കൾതന്നെ. സഹജാഭിലാഷപൂർത്തിക്കായി ഒത്തുകൂടി കുറെകഴിയുമ്പോൾ, ഏതോ അനുഷ്ഠാനം എന്നപോലെ അവർ യുദ്ധക്കളത്തിലിറങ്ങുന്നു. ആദ്യം കൊല്ലപ്പെടുന്നതാരോ, അയാളുടെ രാജ്യം യുദ്ധത്തിൽ തോൽക്കുന്നു. യുദ്ധം അതിന്റെ പരമമായ അവസ്ഥയിൽ എത്ര വിചിത്രവും അബദ്ധവുമാണ്!

### ദാർശനിക തലങ്ങൾ

താൻവാൻ തന്റെ മകനായ ചെന്നിനെ തൊടില്ല. തൊട്ടുകൂടെന്ന് രാജ്യസ്നേഹവും കർത്തവ്യബോധവും അവളെ വിലക്കി. അവളുടെ കുട്ടിയിൽ, യുദ്ധം മൂലം പ്രസരം കാളിപ്പടർന്നിരിക്കുന്നു. അവസാനത്തെപ്പടയാളിയായ താൻവാൻ ചെൻ നീട്ടുന്ന കുഞ്ഞിക്കൈകളിൽ തൊട്ടാൽ പ്രസരം അവളിലേക്കും വ്യാപിക്കും. കുഞ്ഞിക്കൈകളിലും കുഞ്ഞിക്കാലുകളിലുമെല്ലാം പ്രസരം പടരുമ്പോൾ ചെൻ പറഞ്ഞു: “അമ്മേ, എനിക്കു നോവുന്നു.”

‘ദുഃഖത്തിന് ഈ മൂന്നു വാക്കുകളുടെ ആഴമേയുള്ളൂ.’ വിശ്രമത്തിന്റെ വൈകുന്നേരങ്ങളിലെന്നപോലെ മകൻ, തനിക്കുനേരെ നീട്ടിയ കുഞ്ഞിക്കൈകളിൽ തൊടാതെ താൻവാൻ ഉറച്ചുനിന്നു. അവളുടെ ചെറുവിരലിൽ പിടിച്ചല്ലാതെ എങ്ങും പോകാത്ത ചെൻ തനിച്ചു യാത്രയായി.

തന്റെ മൂന്നുവയസ്സുള്ള മകൾ ഗീതയെക്കുറിച്ചുള്ള ഓർമ്മകളിൽ മൃഗാംഗമോഹനനും നഷ്ടപ്പെടുന്നു. വ്യക്തിബന്ധങ്ങൾ എത്രയോ മനോഹരങ്ങൾ. എന്തിനുവേണ്ടിയാണ് ഈ മനോഹാരിത ഭഞ്ജിക്കപ്പെടുന്നത്? രാഷ്ട്രങ്ങളുടെ യുദ്ധം മൂലം പവിത്രങ്ങളായ വ്യക്തിബന്ധങ്ങൾക്കു സംഭവിക്കുന്ന ശൈഥില്യം വിജയൻ വെളിപ്പെടുത്തിയതിനപ്പുറം വാക്കുകളിലൊതുക്കുക ഇനിയുള്ള എഴുത്തുകാർക്കൊരു വെല്ലുവിളിയാണ്.

ജീവിതത്തിന്റെ നിരർത്ഥകത വിജയൻ ശരിക്കും മനസ്സിലാക്കിയിരിക്കുന്നു. ഇനി സൃഷ്ടി തുടരണമോ എന്നതാണ് മൃഗാംഗമോഹനനും, താൻവാനും അഭിമുഖീകരിക്കുന്ന ഏററവും വലിയ പ്രശ്നം. സൃഷ്ടിയെന്ന ക്രൂരത, സൃഷ്ടിയെന്ന നുണ അവരും ഉപേക്ഷിക്കുന്നു. ആരോ തങ്ങളെ വഞ്ചിച്ചതാണെന്നും, വ്യർത്ഥതയുടെ വലയിൽ കുടുക്കിയതുമാണെന്നുള്ള സത്യം അവർ മനസ്സിലാക്കുന്നു. താൻവാൻ മൃഗാംഗമോഹനനെ വധിച്ചശേഷം സ്വയം മരണം വരിക്കുന്നു. പിൻഗാമികളെ സൃഷ്ടിച്ച് മനുഷ്യജീവിതം ഭൂമിയിൽ തുടരുക എന്ന വിഡ്ഢിത്തത്തിൽനിന്നും അവർ മുക്തിനേടി.

താത്കാലിക സാധ്യതകളിൽനിന്നും അകലെയാണ് എന്നുവച്ച് ഈ കഥ പരിഗണന അർപ്പിക്കാതിരിക്കുന്നില്ല. ജീവിതത്തെ അതിന്റെ സത്യസ്ഥിതിയിലാണ് ഇതിൽ കാണുന്നത്. അന്യനും നിസ്സഹായനുമായ മനുഷ്യന്റെ ഏകാന്തവേളകളിൽ ഈ കമ്പസാരം അവനു മനസ്സിലാവാതെവരില്ല. മനുഷ്യജീവിതത്തിന്റെ വ്യർത്ഥത കണ്ടെത്താൻ സ്വയം മനസ്സിലാക്കുന്നവനും മുഖംമൂടികൾ ഉപേക്ഷിക്കുന്നവനും എളുപ്പമാണ്.

‘പാറകൾ’വഴി വിജയൻ മലയാളകഥക്ക് പുതിയൊരു വർത്തമാനം സൃഷ്ടിച്ചിരിക്കുന്നു. വാഗതീതമായി നിൽക്കുന്ന കേവലാനുഭൂതികളെ തിരഞ്ഞെടുത്ത അക്ഷരങ്ങളിൽ അമർത്തി ബന്ധിച്ചിരിക്കുന്നു. മൂന്നു വാക്കുകൾ ചേർത്ത് നാലാമതൊരു നക്ഷത്രമത്രേ വിജയൻ സൃഷ്ടിക്കുന്നത്.

*Best compliments from*

**TEA'S & RESTAURENT**

THODUPUZHA

# Inter Continental Air Travels

**S. R. V. Buildings**

THODUPUZHA

*Please Contact*

**Passports, Visas and other Travel Documents**

---

*With Compliments*

The cold storage - where even the prices are frozen

**Quality Cool Centre,**

**Idukki Road, Thodupuzha**

(The house of quality fishes and meat)

We deliver your needs at your door at no extra charges)

---

*Best Wishes from*

**Sree Krishna and New Theaters**

Our Onam Programme

**Udaya's "നീലപ്പൊന്മാൻ"**

**Sheeba's "അയോദ്ധ്യ"**


Sunny N. M. (Chairman)

Xavier Mathew (G. Secretary)



T. M. George
(U. U. Councillor)

Joe Joe Mathew
(English Asso. Secretary)

P.S. Stephen
(Fine Arts Secretary)

Raju John
(Arts Asso. Secretary)

Babu V. G.
(Sports Secretary)

Kurian Mathew Hindi Asso.



T. K. Kuriakose
Science Asso. Secre.



Joy Joseph
Malayalam Asso. Secre.



Mercykutty Abraham
Women's Representative





Annie Joseph
Women's representative



Joseph Augustine
P. D. C. Repre.



Joseph Kurian
Commerce Repre.

## Union Inauguration

Inauguration
Justice George Vadakkel



Speech
M. K. Sanu





The view of the stage

Mono Act
Ulahannen N.







Inauguration by
Justice George Vadakkel
and the audience



Presidential address
N. M. Sunny

# English Association



Welcome
Joe Joe Mathew



O. T. Varghese M.A.LLB.
Inaugurating the Asso.



Debate Future of Indian
Democracy

1. S.F.I. State Committee Member
   C. J. Chacko
2. P. K. Narayanapillai (A.B.V.P.)



3. P. C. Joseph
   K.S.C. State President





Inauguration by
Justice George Vadakkel
and the audience



Presidential address
N. M. Sunny

# English Association



Welcome
Joe Joe Mathew



O. T. Varghese M.A.LLB.
Inaugurating the Asso.



Debate Future of Indian Democracy

1. S.F.I. State Committee Member
   C. J. Chacko
2. P. K. Narayanapillai (A.B.V.P.)



3. P. C. Joseph
   K.S.C. State President





Inauguration by
Justice George Vadakkel
and the audience



Presidential address
N. M. Sunny

# English Association



Welcome
Joe Joe Mathew



O. T. Varghese M.A.LLB.
Inaugurating the Asso.



Debate Future of Indian
Democracy

1. S.F.I. State Committee Member
   C. J. Chacko
2. P. K. Narayanapillai (A.B.V.P.)



3. P. C. Joseph
   K.S.C. State President

# Arts Association

Pennamma Jacob M.L.A.
Inaugurates....

A.C. Jose

Raju John
Vote of thanks





P. J. Joseph M.L.A. for
Jayaprakash movement
against corruption



Vaikom Viswan (K.S.Y.F.)
against



a view of the stage
....unity in diversity

# Symposium under Arts Association

T.P. Gopinath
I.P.S.

Moolamattam
A.S.P.



U.P.R. Menon
I.P.S.
Moovattupuzha
D.Y.S.P.



Chief guests with our Principal and Students

## Fine Arts Club

Welcome speech

P.S. Stephen

Secretary



Inauguration by

Film star

Nellikkodu Bhaskaran



Dance
Shaji P. Joseph

## Malayalam Association

Inauguration
Thomas Mathew
Maharajas'

Speech
K. P. Sasidharan
Maharaja's E.K.M.

Welcome Speech
Joy Joseph





Debate

K. P. Sasidharen Inaugurates the Malayalm Manuscript Magazine



# Science Association Inauguration



Welcome Speech
Kuriakose T. K.



Debates



Speech: Sivadas S.M.Sc.
C.M.S. College
Kottayam



Inaugural Address,Pro.
P.M.ChackoSt.Thomas
College Palai

# Hindi Association



Prof. P.V. Varghese M.A.
Nirmala College
Inaugurates

Kurian Mathew
Welcome

# Commerce Association



Mohammadkutty Sahib
Inaugurates

Prof. Ramakrishna Pillai
Speech: St. Thomas College Palai

Welcome Speech
Joseph Kurian Secretary

# C. S. U.

The Executive





President T. M. Joseph



Work Camp



M. T. Chacko Secretary



Aleyamma K. I.
Vice President



Alice V. Mathew
Joint Secretary

# N. C. C.

Under Officers of the N. C. C.

















Republic day Parade

S.L.C.O.



The Executive members of the S.L.C.O. College Unit



In loving memory of 'Sathya'

## The Choice of the Year



Jose T. Thomas
Film Star

Thomas K. Chandy
Best Actor





Remadevi M.
Best Singer

Achamma Mathew
Best actress





Jose Thomas
Best Singer

Avirachen
Athletic Champion

George Sebastian
our Artist

Nirmala K.
കഥാപ്രസംഗം



Sketch by Jalajan

Mono Act Jose T. Thomas

Girvasis Thomas
Inter district
Volly ball team member

Augusthy. C. A.
Best Comedian

Baby Thomas
Volly ball team Captain

# Various Teams

Sports—Games—Drama



## Sports—Day



Solemn Oath

Inauguration by Simon Manjooran I.P.S.
D.I.G. Ernakulam

Principal's Address

Marchpast

## Various Poses



Shot put

Javelin



Inter Collegiate Basket Ball tournament
Held at Kothamangalam
Inaugurated by
U.P.R. Menon D.Y.S.P. Moovattupuzha

# College day Celebration

Principal's report



Prof. T.S. chacko M.A.
Welcome speech



Xavier Mathew
Vote of thanks



A view of the stage



Thekkinkadu Joseph
Speech



Madavan Balakrishna
Pillai Speech



Lazo M. Zakula
Canadian Chief Engineer
Idikki



Dance by Kusumalatha



Dance by L.M. Varikatt
and Molly Mathew



Presidential Address
by N. M. Sunny



A tea party in the office



# English Section

# Contents


| | Page |
|---|---|
| An Amateur at Ramance— *Francis Mallappally III B.A. Litt.* | 1 |
| Yakshi— *F.C. George I B.Sc. Chemistry* | 6 |
| Fragility— *Joseph P.U. B2* | 7 |
| Strange Experiences on my first flight— *P.S. Stephen II B.A. Eco.* | 8 |
| They left his camera on the moon *Basheer A.S. III B.Sc. Maths.* | 11 |
| Photography *Roy Mathew* | 13 |


# "An Amateur at Romance"


Francis Mullappally III B. A. Lit.


In this modern age, there are a number of ways in which one can spend one's free time. There are many number of hobbies, ranging from stamp collecting to big game hunting. In fact, I am told that there are even some intrepid souls who indulge in parachute jumping, just for the fun of it; however doubtful that may be.

But do the young ones seen around here, do anything of that sort? Certainly not. What they do is something much more hazardous. They go and fall in love of course, experienced veterans like you and me know that the poor saps are going to be let down with a thump, but does that prevent them? Not on your life.

The period just after the reopening of the college is when this so called Indian Summer reaches its peak. In that heady atmosphere, romances sprout like toad-stools after a storm. This year also it was no different, and falling love seemed to be the fashion of the day. I confess that I also felt rather anxious to keep up with the set, and if people were falling in love to the light and left I saw no reason why I also should not try my hand at this game.

The first step, I knew, was to establish some one definitely as the subject of one's devotion; because I felt and still feel, for that matter that a multiple love affair is about as restful a hobby as Mountaineering. But this is easier said than done.

As one of my atheletic friends put it figuratively, all the "tracks" were rather crowded and indeed, in some of them, boys were running five or six deep behind their respective flames of the heart. I knew it was useless to join one of these "track-teams" because even if managed to catch up with them, the best I could hope for was to be mentioned as "one of the Romeos" of so and so. A typical example being a friend of mine, who had carried out a vigorous love affair for about an year. At the end of that period when I asked him how far he had got, he informed me quite seriously that he had made fifty per cent progress. I asked him what he ment by that, and he said "I told you it is case of fifty-fifty; I know I love her and she doesn't".

Now, that was not all the sort of progress I wished to make. I wanted something more definite and tangible than a one way fifty-fifty affair. I resolved to choose a rather uncultured track to try my luck at and was hopefully looking about, when things, as it were, were taken completely out of my hands.

One day, during the noon interval, when we were about to go out of the class there came an announcement that during the afternoon session we will be free. I was standing at the back of the class. One of my friends standing on the threshold, asked me to hand over his tiffin carrier. I grabbed the tiffin carrier and tossed it to him. The instant I released the tiffin carrier, I saw a girl, also a class mate of mine, stepped in and to my horror,

right in the path of the air borne tiffin carrier.

Owing, no doubt, to her good fortune and also, mine, the tiffin carrier missed her head and hit her shoulder instead. That it did cause some pain was evident, as she jumped about three feet into the air and let out a howl that might have been heard at Velliyamattam. An apology, I knew, was definitely called for, and I gingerly went up to her, trying to be nonchalant and perspiring freely in the process. With a superhuman effort, I dislodged my tongue from the roof of my mouth and began "Ex ..I.... I am terr ....ibly sorry....It was an accident.. . I hope ...ah ...that is to say...." To my astonishment she smiled and interrupted me. "That is perfectly alright. I am not hurt in the least."

I apologised again and retreated humbly, thanking my lucky stars. I could not help admiring her. Here was a girl, hit with a tiffin carrier saying it was all right! As if she would welcome another attack with the tiffin carrier "What a girl". I marvelled.

It was only a couple of days later that the full significance of the incident dawned on me. Then I wondered why I did not think of it earlier. Why, it was obvious, I mean to say, the incident was so unlikely. Under similar circumstances, the least what anybody else would have done, quite reasonably too, might have been to catch the tiffin carrier and take a swing at my head. In fact that was what I had expected. Instead, this girl actually 'smiled' and said that it was all right! unbelievable! Must have been love, I decided. Yes! "love at first hit."

Having come to this conclusion I reexamined my position. How about this particular girl? Was she good looking? well, yes. "Then what are you waiting for?" I asked myself.

I inaugurated the campaign the very next day. Now, there are certain approved forms of courting in our college. The most widely used method consists of hanging about the door of the beloved's class room, so that he can see her and vice versa. This method was definitely out of fashion in my case since we both were in the same class. So decided to modify the technique a little. As a preliminary step I began by occupying a seat directly opposite to her in the very class and trying to catch her age. And whenever I saw her looking in my general direction, which was not often, I would

*With best compliments*

*from*

**MANOJ INDUSTRIES**

THODUPUZHA East

**Millers and Timber Dealers**



put on the most ravishing smile I could muster up.

This had only one serious draw back. One had to be very wary of the lecturer's eye. Otherwise trouble was bound to follow, as I found out shortly afterwards. One day, as usual, I was confidently beaming a five-hundred candle power Smile at her when I was rudely jerked from the realms of romance by the lecturer's voice. I switched off the grin and stood up apprehensively. The lecturer understandably irritated began with heavy sarcasm. "I regret to disturb you Mr. Francis, but would you mind explaining to the class the drawbacks of modern reporting according to G. K. Chesterton?" I gulped and told him quite sincerely that I did not have the faintest notion about it, let alone the draw backs. The lecturer shot me a withering glance and said acidly "In that case you may kindly leave the class."

I gathered my books together and with an obscure sense of martydom, began to descend the gallery steps of course, I felt no rancour towards the lecturer. There I was, under the influence of God's divine gift to men, "The secret sympathy, the silver link, the silken tie, the heart of heart and mind to mind in body and soul can bind", and he wanted me to talk about moden reporting! How! I could only smile in sympathy at his myopic attitude. But soon stopped smiling, however. I had failed to notice a chair lying directly in my path and the next instant I was flying headlong through the air. I fetched upon my knees in a nearly praying attitude at the feet of the lecturer. Taken aback by this spectacle he nevertheless pulled himself together and said with smug smile "I really wish Mr. Francis, you would adopt a more- conventional manner of descent."

A pretty crummy joke, it seemed to me, but as if one cue, the entire class burst into laughter, while I got up slowly dusted myself and advanced towards the door trying manfully, to conceal a slight limp.

In that hour of travail, as I walked down the aisle, humilitated, I looked up at her, the only person in the class from whom I could expect love, compassion, affection.

It was my biggest disappointment. I couldnot believe my eys at first. For, she too was laughing as heartily as anybody else. I was shocked. "Renegade! Traitoress!" screamed my overtaxed mind. My head was in a mad whirl as I went wandering aimlessly around the campus slowly, painfully I evolved a plausible explanation. The more I considered it, the more convinced did I become.

Of course, she was not laughing at me, like the rest of the class, I reasoned. She obviously was laughing at the stupidity of the lecturer in sending me out. Yes, that was it I concluded. But even then, incorrigibly passionate though I was, I still could not rid my mind of some lingering doubts as to the reciprocity of my affection.

After elaborate deliberations I decided to stake everything on a win-or lose-it-all sort of test. The idea was to try and borrow a book from her. If she was willing to lend it, I decided, it was a proof of Love, otherwise, well, the thought was not worth contemplation.

Like every other suitor since Adam, I spent a considerable amount of time thinking about what exactly to speak to her. For I knew it would be fatal if, when the meeting did take place, I could not do anything better than stand and gape like a gold fish with indigestion. So I spent a short while, something like a couple of weeks rehearsing my words, "can I borrow your, criticism notes?" Until I was sure I had got it down pat.

And then along came the big day. I was walking down the corridor, when suddenly she stepped out of the library right into my path. I was so completely unnerved by this sudden appearence that the best I could do was to manage the ghost of a smile. She stopped short and looked at me, rather like — it seemed to me — a busy hen inspecting an uninteresting sort of a worm she has just scratched out of the earth. Any way I took my courage in both hands and plunged right ahead.

"Been to the library?" I asked, my mouth feeling as if lined with blotting paper.

Now, considered as a conversational gambit, my opening was not singularly brilliant. I admit that I mean to say, when somebody steps out of the library clutching a couple of hefty volumes even the dullest lamebrain on the premises can divine that. She has been to the library; and not to Philadelphia. But apparently this line of thought had not occurred to her and she replied "Yes, I took out some books", with a smile that nearly made me fall over backwards. I spread on my face, what I fondly imagined to be a debonair smile and said "Took out some books? Of course, to be sure, books, Yes. I know what you mean very useful things, these books, don't you think? I mean to say, we have got to have books. After all" I pointed out shrewdly, trying to make my point clear, "how can you read with out books?"

I suppose I might have continued indefinitely had she not checked my sudden outburst of eloquence "Is there something you wanted to tell me?" She asked, turning on that lethal smile again. It was then that the sentence I had learnt by heart came to my rescue.

"Tell you?" I began feeling-nervous again "Why, yes, in fact I wanted to ask you something. Er......that is, can I norrow your criticism boats?"

She was plainly mystified this time. "Can you "which" my "what"? She asked, raising her shapely eye brows a quarter of an inch. I inwardly cursed my treacherous tongue and tried again.

"What I meant to say was can I borrow your criticism notes"?

She got it straight this time.

"Oh, notes, you mean. Why, certainly. But why don't you say so the first time?" She said, with a capricious smile.

I received the book she handed me like an Archbishop handling the Emperor's crown and thanked her profusely. Then I gallantly stepped back, trod on my shoelace and almost fell flat on my face; recovering just in the nick of time and stood with worshipping eyes as she stepped softly away.

